# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T4508

26.06.14 ൽ - മറുപടിക്ക്

## രോഗബാധിതർക്കുള്ള ബി.പി.എൽ കാർഡുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി. സത്യൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കൃാൻസർ, വൃക്ക എന്നിവ സംബന്ധമായ അസുഖം ബാധിച്ചവർ ഉൾപ്പെട്ട കുടുംബങ്ങൾക്കും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെട്ട കുടുംബങ്ങൾക്കും എ.പി.എൽ. വിഭാഗത്തിൽ നിന്ന് ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റി റേഷൻ കാർഡ് നൽകുന്നതിന് ഇളവ് അനുവദിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ; | (ബി) | 27.04.12-ാം തീയതിയിലെ സ.ഉ.(കൈ)നം. 112/12/ത.സ്വ.ഭ.വ പ്രകാരം ക്യാൻസർ, വൃക്ക എന്നിവ സംബന്ധമായ അസുഖം ബാധിച്ചവർ, ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർ, ഓട്ടിസം ബാധിച്ചവർ, ആശ്രയ പദ്ധതിയിൽ അംഗമായവർ, വിധവകൾ, ശരീരം തളർന്ന് ശയ്യാവലംബരായവർ എന്നീ വിഭാഗങ്ങളെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ബി.പി.എൽ. റേഷൻ കാർഡിനായുള്ള അപേക്ഷകൾ പരിശോധിച്ച് മുൻഗണനയുടെ അടിസ്ഥാനത്തിൽ ബി.പിഎൽ കാർഡുകൾ നൽകുന്നതിന് 05.11.11 ലെ സ.ഉ(കൈ)നം.38/11/ഭ.പൊ.വി.വ പ്രകാരം ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർ അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത്; | (സി) | അപേക്ഷയോടൊപ്പം അസുഖങ്ങൾ തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്. |
| (ഡി) പ്രസ്തുത അപേക്ഷകളിൻമേൽ എത്ര നാൾക്കകം നടപടിയുണ്ടാകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | കാലതാമസം കൂടാതെ നടപടികൾ പൂർത്തിയാക്കി ബി.പി.എൽ. കാർഡ് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ